
MES TTI Edathala
GROWING MINDS '23
SCIENCE EXPO
FEBRUARY 28 TUESDAY

# എം. ഇ. എസ്. ടി.ടി.ഐ എടത്തല ആലുവ
# സയൻസ് എക്സ്പോ റിപ്പോർട്ട്

എടത്തല എം.ഇ.എസ് ടി.ടി.ഐ സയൻസ് എക്സ്പോ സംഘടിപ്പിച്ചു. " പുതിയ കാലത്തെ അഭിമുഖീകരിക്കാൻ ശാസ്ത്ര ചിന്ത അനിവാര്യമാണ്" എന്ന സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് എടത്തല എം.ഇ.എസ് ടി.ടി.ഐ ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് 28-02-2023 -ന് ശാസ്ത്ര പ്രദർശനം "ഗ്രോവിങ് മൈൻഡ്സ് '23" സംഘടിപ്പിച്ചു. എടത്തല കെ. എൻ.എം. എം.ഇ.എസ്. യു.പി. സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ. എൻ.എച്ച്.ജബ്ബാർ ശാസ്ത്ര പ്രദർശനം ഉദ്ഘാടനം നിർവ്വഹിച്ചു. ഡി.എൽ.എഡ് വിദ്യാർഥി ഷറഫുദ്ദീൻ എ എ അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ടി.പി.ഓമന യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. എം.ഇ.എസ്. ബി.എഡ്. കോളേജ് സ്റ്റാഫ് സെക്രട്ടറി ശ്രീമതി ഷൈജി വർഗീസ്, ഡി.എൽ.എഡ് ഒന്നാം വർഷ വിദ്യാർത്ഥി പ്രതിനിധി ബുഷറ കെ.എ എന്നിവർ ആശംസകളും അർപ്പിച്ചു.

ഡി.എൽ.എഡ്. ടീച്ചർ ഇൻ ചാർജ് ശ്രീമതി ഫൗസിയ എം എം-ൻറെ നേതൃത്വത്തിൽ നടന്ന "ഗ്രോയിങ് മൈൻഡ്സ് '23" സയൻസ് എക്സ്പോ ഗവ.എച്ച്.എസ്. തെങ്ങോട്, എടത്തല കെ.എൻ എം.എം.ഇ.എസ്. യു.പി.എസ്, ടി.എസ്.സി.എൽ.പി.എസ്. തായിക്കാട്ടുകര എന്നിവിടങ്ങളിൽ നിന്ന് അധ്യാപകരും വിദ്യാർത്ഥികളും സന്ദർശിച്ചു. കുട്ടികൾ വളരെ ജിജ്ഞാസയോടെ ചോദ്യങ്ങൾ ചോദിക്കുകയും പരീക്ഷണങ്ങൾ ചെയ്ത് നോക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ചു സ്കൂളുകളിൽ നിന്ന് വന്ന കുട്ടികൾക്കായി വിവിധ കലാപരിപാടികൾ ഡി. എൽ .എഡ് രണ്ടാം വർഷ വിദ്യാർത്ഥി പ്രതിനിധി അതുൽ റാമിൻറെ നേതൃത്വത്തിൽ ഷറഫുദ്ദീൻ എ എ സംഘടിപ്പിച്ചു. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ ഉള്ള കുട്ടികൾക്കായി ടി.ടി.ഐ -ലെ കുട്ടികൾ വിവിധ തരം നിശ്ചല മാതൃക, പ്രവർത്തന മാതൃക , പരീക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിച്ചു. വിദ്യാർഥികൾ അവരുടെ ഓരോ മോഡലുകളെ കുറിച്ചും വിശദമായി കുട്ടികൾക്ക് വിശദീകരിച്ചുകൊടുത്തു. അതോടൊപ്പം പ്രദർശനത്തിനെത്തിയവരും പരിപാടി നന്നായി ആസ്വദിച്ചു . ഡി.എൽ.എഡ്. സ്റ്റാഫ് സെക്രട്ടറി സനൽ എം.എസ് ഈ ശാസ്ത്ര പ്രദർശന പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു.


















MES TEACHER
TRAINING INSTITUTE
pproved by NCTE, Banglore
Ed (2 YEAR)


LAYERS OF SOIL










NEWTON'S CRADLE



